"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം- എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) യോഗ്യത - 22.05.2018 ലെ സ.ഉ(കൈ) നം.67/2018/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും, കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും 24.02.2023ലെ സ.ഉ(കൈ)നം.19/2023/പൊ.വി.വ ഉത്തരവിന് ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.87/2023/GEDN തീയതി,തിരുവനന്തപുരം, 28-06-2023

പരാമർശം:-
1. 19.03.2002 ലെ സ.ഉ(സാധാ)നം.534/02/പൊ.വി.വ ഉത്തരവ്
2. 22.05.2018 ലെ സ.ഉ(കൈ) നം.67/2018/പൊ.വി.വ ഉത്തരവ്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.2.2022 തീയതിയിലെയും 10.05.2023 തീയതിയിലെയും DGE/475/2022-H3 നം. കത്തുകൾ.
4. 08.07.2022 ലെ എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ പ്രോഗ്രാം1 /3153/2022/എസ്.സി.ഇ.ആർ.ടി നമ്പർ കത്ത്.
5. 24.02.2023 തീയതിയിലെ സ.ഉ.(കൈ)നം. 19/2023/പൊ.വി.വ. ഉത്തരവ്.

**ഉത്തരവ്**

എൽ.പി.എസ്.റ്റി /യു.പി.എസ്.റ്റി (മലയാളം മീഡിയം) തസ്തികയിലെ നിയമനത്തിന് എസ്.എസ്.എൽ.സിയ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പ്രാദേശികഭാഷയായ മലയാളം പഠിച്ചിട്ടില്ലാത്തവർക്ക് അർഹതയില്ലായെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകളിൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ് തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ പരാമർശം (1) ലെ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് എന്ന് പരാമർശം (2) പ്രകാരം ഉത്തരവായി.

2. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ ശിപാർശയുടെയും എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും തുടർന്ന് പ്രൈമറി തലത്തിൽ അടിസ്ഥാനപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനും ആശയവിനിമയത്തിനും പ്രാദേശികഭാഷയായ മലയാളം, എസ്.എസ്.എൽ.സിയ്ക്ക് പാർട്ട് I അല്ലെങ്കിൽ പാർട്ട് II ലോ അല്ലെങ്കിൽ പഠനമാധ്യമമായോ പഠിച്ചിട്ടുള്ളവരെ എൽ.പി, യു.പി അധ്യാപകരായി നിയമിക്കുന്നതിന് ഉത്തരവ് നൽകിക്കൊണ്ടും പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചു.നിലവിൽ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനത്തിൽ പ്രവേശിച്ചവർക്ക് അവരുടെ മലയാളഭാഷാ പ്രാവീണ്യം ഉറപ്പാക്കുന്നതിനായി ഒരു യോഗ്യതാ പരീക്ഷ നടത്തുന്നതു സംബന്ധിച്ച് വ്യക്തമായ ശിപാർശ സമർപ്പിക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു.

3. പരാമർശം (2) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക തലത്തിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും അദ്ധ്യാപനജോലി പ്രതീക്ഷിച്ച് ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുകയോ കോഴ്സിന് പ്രവേശനം നേടുകയോ ചെയ്തിട്ടുള്ളവർക്ക് പരാമർശം (2) ന്റെ ആനുകൂല്യം നൽകണമെന്നും ഇപ്രകാരം ജോലിയിൽ പ്രവേശിക്കുന്നവർക്ക് പരാമർശം (5) ഉത്തരവിൽ പറയും പ്രകാരമുള്ള ഭാഷാപ്രാവീണ്യം ഉറപ്പാക്കുന്നതിനായുള്ള യോഗ്യതാ പരീക്ഷ എഴുതുന്നതിന് അനുമതി നൽകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം പരിശോധിച്ചു. പരാമർശം (2) സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ അദ്ധ്യാപനജോലി പ്രതീക്ഷിച്ച് ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും കോഴ്സിന് പ്രവേശനം നേടിയവർക്കും പരാമർശം (5) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവസരങ്ങൾ നിഷേധിക്കുന്നത് സാമാന്യ നീതിക്ക് നിരക്കാത്തതാണെന്ന് കാണുന്നു. പരാമർശം (5) സർക്കാർ ഉത്തരവ് തീയതിയായ 24-02-2023 ൽ പരാമർശം (2) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് യോഗ്യത കരസ്ഥമാക്കിയവർക്കും, ബന്ധപ്പെട്ട കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്കും പരാമർശം (5) ഉത്തരവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകിക്കൊണ്ടും, അപ്രകാരം നിയമിതരാകുന്നവർക്ക് മലയാള പ്രാവീണ്യം ഉറപ്പാക്കുന്നതിനായുള്ള യോഗ്യതാ പരീക്ഷ എഴുതുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. 24-02-2023 തീയതിക്കുശേഷം ബന്ധപ്പെട്ട കോഴ്സുകളിൽ പ്രവേശനം നേടിയവർക്ക് മേൽ ആനുകൂല്യം അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എസ്.സി.ഇ,ആർ.ടി ഡയറക്ടർ, തിരുവനന്തപുരം

രജിസ്ട്രാർ, എം.ജി/ കേരള/ കാലിക്കറ്റ്/ കണ്ണൂർ സർവ്വകലാശാലകൾ

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
N.k. Sheena
Date: 30-06-2023 11:03:47
സെക്ഷൻ ഓഫീസർ